**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 145** | **07.08.2017-ൽ മറുപടിക്ക്** |
|---|---|

## സർക്കാർ ഓഫീസുകളുടെ സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്തെ പ്രധാന സർക്കാർ ഓഫീസുകൾ, മന്ദിരങ്ങൾ എന്നിവയുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകൾ, സർക്കാർ മന്ദിരങ്ങൾ എന്നിവിടങ്ങളിൽ കാലാകാലങ്ങളിൽ സുരക്ഷാ പരിശോധന നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ സംവിധാനങ്ങൾ ആവശ്യമായ ഇടങ്ങളിൽ മതിയായ ഗാർഡുകളെ ഏർപ്പെടുത്തിയിട്ടുള്ളതും ആണ്. ഇതിനു പുറമേ സുരക്ഷാ ഉപകരണങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ സെക്യൂരിറ്റി ക്യാമറകൾ, ഡി.എഫ്.എം.ഡി, എച്ച്.എച്ച്.എം.ഡി, എക്സ്-റെ ബാഗേജ് സ്കാനറുകൾ തുടങ്ങിയ സെക്യൂരിറ്റി ഉപകരണങ്ങൾ സ്ഥാപിക്കുകയും, അവ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. രാത്രികാല പോലീസ് പട്രോളിങ്ങും, പോലീസ് ബീറ്റുകളും കാര്യക്ഷമമാക്കിയും സംസ്ഥാനത്തെ പ്രധാന സർക്കാർ ഓഫീസുകൾ, മന്ദിരങ്ങൾ എന്നിവയുടെ സുരക്ഷ ഉറപ്പു വരുത്തുന്നു. |
| (ബി) | ആയതിലേക്കായി സെക്യൂരിറ്റി ആഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മാനദണ്ഡങ്ങളാണ് അതിന് പ്രയോജനപ്പെടുത്തിയത് എന്ന് വിശദമാക്കാമോ; | (ബി) | എറണാകുളം, കൊല്ലം, മലപ്പുറം കളക്ടറേറ്റുകളിൽ ഉണ്ടായ സ്ഫോടനങ്ങളുടെയും, കേരളത്തിൽ വർദ്ധിച്ചുവരുന്ന മാവോയിസ്റ്റ് പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിൽ സുരക്ഷാ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഓഫീസുകളുടെ സുരക്ഷാപരമായ പ്രാധാന്യം, ജീവനക്കാരുടെയും, ഓഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ഓഫീസ് കെട്ടിടത്തിന്റെയും ചുറ്റുപാടുകളുടെയും |

| | | | |
|---|---|---|---|
| | | | അവസ്ഥ തുടങ്ങിയ കാര്യങ്ങളെ മുൻനിർത്തി കേന്ദ്ര സുരക്ഷാ ഏജൻസികളുടെയും സംസ്ഥാന സുരക്ഷാ വിഭാഗത്തിന്റെയും മാനദണ്ഡങ്ങൾ അനുസരിച്ചാണ് സുരക്ഷാ പരിശോധനകൾ നടത്തപ്പെടുന്നത്. |
| (സി) | സർക്കാർ ഓഫീസുകളുടെ സുരക്ഷ ശക്തമാക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | രാജ്യത്ത് ഉണ്ടായ ഭീകര ആക്രമണങ്ങളും വിധ്വംസക പ്രവർത്തനങ്ങളും മുന്നിൽ കണ്ടുകൊണ്ടും, എറണാകുളം, കൊല്ലം, മലപ്പുറം കളക്ടറേറ്റുകളിൽ ഉണ്ടായ സ്ഫോടനങ്ങളുടെയും, സംസ്ഥാനത്തെ മാവോയിസ്റ്റ് പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് സർക്കാർ ഓഫീസുകളുടെ സുരക്ഷ ശക്തമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ